# ഇലക്ട്രിസിറ്റി യൂണിയനുകളുടെ സംയുക്ത ദേശീയ പ്രക്ഷോഭം വിജയിപ്പിക്കുക

## സർക്കുലര്-1/2014

രാജ്യത്തെ വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ ഫെഡറേഷനുകളും, യൂണിയനുകളുടെയും കഴിഞ്ഞ ജൂലൈ 8-ന് ഡൽഹിയിലെ ബി.ടി.ആർ ഭവനില് ഒരു സംയുക്ത യോഗം ചേർന്നിരുന്നു. ഇലക്ട്രിസിറ്റി വ്യവസായവും അതില് പണിയെടുക്കുന്നവരും ഉപഭോക്താക്കളും അഭിമുഖീകരിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവ പരിഹരിക്കുന്നതിന് ഒരു സംയുക്ത പ്രക്ഷോഭത്തിന് രൂപം കൊടുത്തു.

വൈദ്യുതി നിയമം 2003 പുനഃപരിശോധിക്കുക, വൈദ്യുതി നിയമത്തില് വരുത്താനുദ്ദേശിക്കുന്ന ദ്രോഹകരമായ പുതിയ ഭേദഗതികൾ പിൻവലിക്കുക, കരാർ തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനവും മറ്റ് സാമൂഹ്യ സംരക്ഷണ സംവിധാനവും നല്കുക, ആവശ്യത്തിന് വൈദ്യുതി, താങ്ങാവുന്ന വിലയ്ക്ക് നിശ്ചിത വോൾട്ടേജില് തടസ്സമില്ലാതെ ഉപഭോക്താക്കൾക്ക് നല്കുക എന്നിവയാണ് മുന്നോട്ട് വയ്ക്കുന്ന പ്രധാന ആവശ്യങ്ങള്.

ഒക്ടോബർ 10 ന് മുമ്പ് സംസ്ഥാനതല സംയുക്ത കൺവെൻഷനുകളും പ്രാദേശിക പ്രചരണ പ്രക്ഷോഭണ പരിപാടികളും നടത്തുക. ഒക്ടോബർ 10-ന് ദേശീയ കമ്മിറ്റി ചേർന്ന് പ്രക്ഷോഭത്തിന്റെ ദേശീയ സ്ഥിതിഗതികൾ വിലയിരുത്തുക, വ്യവസായ രംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രധാനമന്ത്രിക്കും, കേന്ദ്ര വൈദ്യുതി മന്ത്രിക്കും നിവേദനം നല്കുക, വൈദ്യുതി രംഗം നേരിടുന്ന പ്രശ്നങ്ങളിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ കൊണ്ടുവരുന്നതിന് വേണ്ടി നവമ്പര് മാസം പാർലമെന്റ് മാർച്ചും ധർണയും നടത്തുക എന്നതാണ് ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം.

നമ്മുടെ സംസ്ഥാനത്ത് ഇക്കാര്യങ്ങൾ ആലോചിക്കുന്നതിന് തീരുമാനം എടുക്കുന്നതിനുമായി 22.8.2014-നും 30.8.2014-നും വർക്കേഴ്സ് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ഓഫീസായ ബി.ടി.ആർ മെമ്മോറിയലിൽ, അസോസിയേഷന് പ്രസിഡന്റ് സഃ കെ.ഒ.ഹബീബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കേരളത്തില് ഇപ്പോള് അനുഭവപ്പെടുന്ന വൈദ്യുതി പ്രതിനന്ധിയുടെ പ്രധാന കാരണം ആവശ്യത്തിന് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ ഇല്ലാത്തതാണെന്ന് യോഗം വിലയിരുത്തി. അതുകൊണ്ട് ജലവൈദ്യുത പദ്ധതികള് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് വേണ്ടിയുള്ള പ്രചരണം കൂടി ഇതോടൊപ്പം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഈ യോഗങ്ങളിൽ വർക്കേഴ്സ് അസോസിയേഷനെ കൂടാതെ വിവധ സംഘടനകളെ പ്രതിനിധീകരിച്ച് സർവ്വശ്രീ സിബിക്കുട്ടി ഫ്രാൻസിസ്- കെ.ഇ.ഇ.സി(ഐ.എൻ.റ്റി.യു.സി), പി.എസ്.പ്രശാന്ത്-കെ.ഇ.ഇ.സി (ഐ.എൻ.റ്റി.യു.സി), കെ.മോഹനൻ-കെ.വി.എം.എസ് (ബി.എം.എസ്), സുരേഷ്കുമാർ.എം.ജി-കെ.എസ്.ഇ.ബി.ഒ.എ, ബി.പ്രദീപ്- കെ.എസ്.ഇ.ബി.ഒ.എ, ജെ.സത്യരാജൻ- കെ.എസ്.ഇ.ബി.ഒ.എ, ഷാജഹാൻ- കെ.എസ്.ഇ.ബി.ഒ.എ, രാജേഷ്.ഡി.എസ്-കെ.എസ്.ഇ.ബി.ഇ.എ, എസ്.സുരേഷ്കുമാര്-കെ.പി.ബി,ഒ.എഫ്, സുധാകരൻ നായർ.ആർ-കെ.പി.ബി.ഒ.എഫ് എന്നിവരും പങ്കെടുത്തു.

**താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു** സംസ്ഥാന കൺവെൻഷന് 19.9.2014-ന് രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് ബി.ടി.ആർ മെമ്മോറിയലിൽവച്ച് ചേരും. ഘടക സംഘടനകളുടെ ഓരോ പ്രതിനിധികള് ഉൾപ്പെടുന്ന പ്രസീഡിയം കൺവെൻഷന് നിയന്ത്രിക്കും ഓരോ പ്രതിനിധികൾ കൺവെൻഷനെ അഭിവാദ്യം ചെയ്യും. ഈ മേഖലയിലെ കരാർ തൊഴിലാളി സംഘടനകളെ കൂടി കൺവെൻഷനില് പങ്കെടുപ്പിക്കും.

കൺവെൻഷനില് ഇതുസംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിച്ച് പാസാക്കും. കൺവെൻഷനില് വിവധ സംഘടനകളുടെ പങ്കാളിത്തം താഴെപറയും വിധമായിരിക്കും.

വർക്കേഴ്സ് അസോസിയേഷന് - 350

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്

കോൺ ഫെഡറേഷന് (ഐ.എൻ.ടി.യു.സി) — 200

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്

കോൺ ഫെഡറേഷന് (ഐ.എൻ.ടി.യു.സി)-പി.എസ്.പ്രശാന്ത്-50

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്

കോൺ ഫെഡറേഷന് (ഐ.എൻ.ടി.യു.സി)

സജീവ് ജനാർദ്ധനന് - 50

കേരള വിദ്യുത് മസ്ദൂർ സംഘ് (ബി.എം.എസ്) — 100.

കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷന് -150

കെ.എസ്.ഇ.ബി എഞ്ചിനീയേഴ്സ് അസോസിയേഷൻ-100

കേരള പവർബോർഡ് ഓഫീസേഴ്സ് അസോസിയേഷന് - 100

സംസ്ഥാനതലത്തിൽ തീരുമാനിച്ച കാര്യങ്ങള് താഴെതലം വരെ എത്തിക്കുന്നതിനായി എല്ലാ സംഘടനകളെയും സഹകരിപ്പിച്ച് ജില്ലാതലത്തിൽ 15.9.2014-ന് മുമ്പ് യോഗം ചേരണം.

18.9.2014-ന് മുമ്പ് പരമാവധി കേന്ദ്രങ്ങളിൽ സംയുക്ത വിശദീകരണ യോഗം ചേർന്ന് ഇക്കാര്യങ്ങൾ പരമാവധി തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തണം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വിപുലമായി വിശദീകരണ യോഗങ്ങള് 18.9.2014-ന് മുമ്പ് സംഘടിപ്പിക്കണം.

പ്രധാന മുദ്രാവാക്യങ്ങൾ പ്രചരിപ്പിക്കുന്നതിന് പോസ്റ്ററുകള് ജില്ലാടിസ്ഥാനത്തില് പ്രിന്റ് ചെയ്ത് പതിപ്പിക്കണം.

സംസ്ഥാന കൺവെൻഷന് നടക്കുന്ന 19.9.2014-ന് മുഴുവൻ തൊഴിലാളികൾക്കും, ജീവനക്കാർക്കും ധരിക്കുന്നതിന് ബാഡ്ജ് ജില്ലകളില് തയാറാക്കി വിതരണം ചെയ്യണം.

പോസ്റ്ററിന്റെയും, ബാഡ്ജിന്റെയും മാതൃക കേന്ദ്രീകൃതമായി തയാറാക്കി തരുന്നതാണ്.

ഈ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചിലവ് ജില്ലകളില് സംഘടനകള് വീതിച്ച് നടത്തണം.

തിരുവനന്തപുരം
31.8.2014

ഇലക്ട്രിസിറ്റി സംയുക്ത പ്രക്ഷോഭ സമിതി
കേരള സംസ്ഥാന കമ്മിറ്റി